DESPATCHED
On 21/05/2020
11-3-20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 043

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2243(2)/2015/**എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ 14623/എസ്.ഐ.സി-ജി 6/15)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.രാജൻ വി.വി.,
മാഴവളപ്പിൽ വീട്,
ചേനോളി പി.ഒ., പേരാമ്പ്ര,
കോഴിക്കോട് - 573525.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
(വിജിലൻസ് വിഭാഗം),
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം - 695 014.

2. അപ്പീൽ അധികാരി,
(വിജിലൻസ് വിഭാഗം),
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (പർച്ചേസ്),
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം - 695 014.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.08.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.09.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.09.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.11.2019, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രാജൻ വി.വി., 01.09.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 11.09.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2243(5)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിനു ലഭിച്ച മറുപടിയും തൃപ്തികരമല്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 18.06.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഹർജിക്കാരൻ പറയഞ്ചേരി ജി.എൻ.വി.സ്കൂൾ, അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം.3009/13 നമ്പർ കോടതി വിധിയുടെ പകർപ്പ് നൽകണമെന്നും പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ് പുറത്തിറക്കിയ സ.ഉ.(സാധ)നം.4135/2014 പൊ.വി. തീയതി തിരുവനന്തപുരം 14.10.2014 നമ്പർ ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും ഹർജിക്കാരൻ ലോകായുക്തയ്ക്ക് സമർപ്പിച്ച ഹർജിക്ക് എ.ഡി.പി.ഐ ശ്രീ.എൻ.രാജൻ അവർകൾ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി നിരവധി വിവരങ്ങളാണ്. ആയതിന് 15.07.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 56/- രൂപ ചെലാൻ ഒടുക്കി രസീത് ഹാജരാക്കണമെന്നും ആയതിൽ ഒ.എ.നം.3009/13 കോടതി വിധി ടി ഓഫീസിൽ ലഭ്യമല്ലെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യ രൂപത്തിലുള്ള 1 മുതൽ 61വരെ ചോദ്യങ്ങൾക്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് മറുപടി നൽകാൻ സാധിക്കുകയില്ലെന്നും മേൽപ്പടി ഫീസ് ഒടുക്കിയ ചെലാൻ ടി കത്തു ലഭിച്ച് 10 ദിവസത്തിനകം ഹാജരാക്കണമെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 12.08.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ചില ഓഫീസ് വിവരങ്ങളും രേഖകളും 61 ചോദ്യാവലിയും അവയുടെ വിശദീകരണവുമാണ് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിൽ ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകുന്നതിനായി നിയമാനുസൃത ഫീസൊടുക്കണമെന്ന ഒന്നാം

എതിർകക്ഷിയുടെ നിർദ്ദേശം ടിയാൻ നടപ്പിലാക്കിയിട്ടില്ലെന്നുമാണ്. എന്നാൽ എസ്.പി.ഐ.ഒ. ഹർജിക്കാരനു നൽകാമെന്നു പറയുന്ന രേഖകളിൽ പലതും വിവരാവകാശ നിയമപ്രകാരം ടിയാൻ ആവശ്യപ്പെട്ടിട്ടില്ല എന്നാണ് ടിയാന്റെ ഒന്നാം അപ്പീലിൽ പറയുന്നതെന്നും ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 1 മുതൽ വേരെയുള്ള രേഖകൾ നൽകുന്നതിനായാണ് ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നതെന്നും ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ ടി കാര്യാലയത്തിൽ നേരിട്ടു ഹാജരായി പരിശോധിക്കുവാൻ അവസരം നൽകുന്നതാണെന്നും കൂടാതെ 1 മുതൽ 61 വരെയുള്ള ചോദ്യാവലിയുടെ വിശദീകരണം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയല്ലെന്നും ഒന്നാം എതിർകക്ഷിയുടെ നിർദ്ദേശം നടപ്പിൽ വരുത്താതെ ഫീസൊടുക്കണമെന്ന നിബന്ധന ഒഴിവാക്കി ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകണമെന്ന ടിയാന്റെ അപ്പീലിലെ ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്നും ആയതിനാൽ ടി അപ്പീൽ പരിഗണനാർഹമല്ലെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ 27.11.2019ന് സമർപ്പിച്ച കത്തിൽ ടിയാൻ സമർപ്പിച്ച അപേക്ഷയിൽ 61 ചോദ്യങ്ങളും ഉപചോദ്യങ്ങളുമാണ് അടങ്ങിയിരുന്നതെന്നും ആയതിന്റെ രേഖകൾക്കായി 56 രൂപ ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും കൂടാതെ ചോദ്യങ്ങൾ, വ്യാഖ്യാനങ്ങൾ, വിശദീകരണങ്ങൾ എന്നിവയ്ക്ക് മറുപടി നൽകാൻ നിഷ്ക്കർഷിക്കുകയും ചെയ്തിരുന്നുവെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ ടിയാന് മറുപടി നൽകിയിരുന്നുവെന്നുമാണ്. എന്നാൽ ടിയാൻ സമർപ്പിച്ചിരുന്ന അപേക്ഷയിലെ മുഴുവൻ ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കും മറുപടി ലഭിക്കാൻ അവകാശമുണ്ടെന്നും മൂന്നാം കക്ഷികളിൽ നിന്നും ലഭിക്കേണ്ട വിവരങ്ങൾ ലഭ്യമാക്കാൻ കമ്മീഷൻ ഇടപെട്ട് എസ്.പി.ഐ.ഒ. യ്ക്ക് നിർദ്ദേശം നൽകണമെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ ഇൻക്രിമെന്റ് തടഞ്ഞതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ആയതു സംബന്ധിച്ച ഫയൽ പരിശോധിക്കാൻ അവസരം നൽകുകയും ലഭ്യമായ രേഖകൾക്കായി ഫീസൊടുക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയിട്ട്

ഒടുക്കിയില്ലെന്നുമാണ്. കൂടാതെ 30 പേജുകളുള്ള അപേക്ഷയാണ് ടിയാൻ സമർപ്പിച്ചതെന്നും ആയതിൽ കൂടുതലും വിശദീകരണങ്ങളും വ്യാഖ്യനങ്ങളുമായിരുന്നുവെന്നുമാണ്. എന്നാൽ ഹർജിക്കാരൻ ഫീസൊടുക്കി ലഭ്യമായ രേഖകൾ കൈപ്പറ്റിയിട്ടില്ലെന്നും ആകയാൽ ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 11–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION ... THIRUVANANTHAPURAM